**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **10-02-2025 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പാർക്കുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കുമോ? | (എ) | 29-02-2024-ലെ സ.ഉ.(കൈ) നമ്പർ 16/2024/ID, 29-07-2024-ലെ സ.ഉ.(സാധാ) നമ്പർ 949/2024/HEDN എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിനായി കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ്, കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ) അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.<br><br>പ്രസ്തുത പദ്ധതി പരിസ്ഥിതി സൗഹൃദമാക്കുന്നതിനു വളരെ വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ ആണ് സർക്കാർ ഉത്തരവിൽ നൽകിയിട്ടുള്ളത്. വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുതെന്നും ഭൂവിനിയോഗവുമായി ബന്ധപ്പെട്ട യാതൊരു വിധ നിയന്ത്രണവും നിലവിലില്ലാത്ത ഭൂമിയാകണം പ്രസ്തുത ആവശ്യത്തിനു വിനിയോഗിക്കേണ്ടതെന്നും നിഷ്കർഷിച്ചിരിക്കുന്നു. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകർക്കാൻ സാധ്യതയുള്ള ചുവപ്പ് വിഭാഗത്തിൽപ്പെടുന്ന വ്യവസായസ്ഥാപനങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കിൽ സ്ഥലം അനുവദിക്കുന്നില്ല. ഡവലപ്പർ |

| | | | |
|---|---|---|---|
| | | | പെർമിറ്റ് ലഭിക്കുന്ന വ്യക്തി പ്രസ്തുത ക്യാമ്പസ് വ്യവസായ പാർക്കിൽ എല്ലാവിധ പരിസ്ഥിതി ചട്ടങ്ങളും പാലിക്കുവാൻ ബാധ്യസ്ഥനാണെന്നും അനുവദനീയ അളവിൽ കൂടുതൽ ഭൂഗർഭജലം വിനിയോഗിക്കുന്നില്ല എന്ന് പ്രസ്തുത പദ്ധതിയുടെ developer, വിനിയോഗിക്കുന്ന allottee എന്നിവർ ഉറപ്പ് വരുത്തേണ്ടതാണെന്നും മഴവെള്ള സംഭരണി, ഖരമാലിന്യ ക്രമീകരണ സംവിധാനം, common effluents കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്നിവ നിർദ്ദിഷ്ട വ്യവസായ പാർക്കിൽ ഉണ്ടായിരിക്കേണ്ടതാണെന്നും യാതൊരുവിധ മലിന വസ്തുക്കളും സമീപ പ്രദേശങ്ങളിലേക്ക് പ്രവഹിക്കുന്ന സാഹചര്യം ഉണ്ടാകരുതെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിന്റെ ചുറ്റും 12 മീറ്റർ വിസ്തൃതിയിൽ മരങ്ങൾ നട്ടു പിടിപ്പിച്ച് "ബഫർ സോൺ" കൃത്യമായി വേർതിരിച്ചിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ